പാസ്പോർട്ട് ലഭിക്കുന്നതിനായുള്ള പോലീസ് വെരിഫിക്കേഷനിലെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നടപടി

55 [3435] ശ്രീ. സി. ടി. അഹമ്മദ് അലി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, പി. കെ. കെ. ബാവ:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാസ്പോർട്ട് ലഭിക്കുന്നതിലേക്കായുള്ള വെരിഫിക്കേഷനുവേണ്ടി നിയോഗിക്കുന്ന പോലീസുകാരെ തിരഞ്ഞെടുക്കുന്നത് ആരാണ്;

(ബി) ഈ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡം എന്താണ്;

(സി) പാസ്പോർട്ടിനു അപേക്ഷ നൽകിയതിനുശേഷം ഉപജീവനത്തിന് താൽക്കാലികമായി സ്റ്റേഷൻ പരിധി വിട്ട് പുറത്തുപോകുന്ന അപേക്ഷകരെ അത് ബോദ്ധ്യപ്പെട്ടതിനു ശേഷവും സ്ഥിരതാമസമില്ല എന്ന് റിപ്പോർട്ട് എഴുതി തിരിച്ചയയ്ക്കുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം റിപ്പോർട്ട് എഴുതി അയയ്ക്കുന്നതു കാരണം എത്ര അപേക്ഷകരാണ് ബുദ്ധിമുട്ടുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) ഇങ്ങനെ റിപ്പോർട്ട് എഴുതുന്ന പോലീസുകാർക്കെതിരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ ആരാണ് ഇവർക്കെതിരെ നടപടിയെടുക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെന്ന് വെളിപ്പെടുത്താമോ;

(എഫ്) കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ ഇത്തരത്തിൽ ആർക്കെല്ലാമെതിരെ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ജി) വെരിഫിക്കേഷൻ സമയത്തെ ചൂഷണം ഒഴിവാക്കാൻ ആ സമയത്ത് ഹാജരാക്കേണ്ട രേഖകളെപ്പറ്റിയും ആ രേഖകൾ കുറവുണ്ടെങ്കിൽ പകരം ഹാജരാക്കേണ്ട രേഖകളെപ്പറ്റിയും ഒരു പൊതു നിർദ്ദേശം പ്രസിദ്ധപ്പെടുത്തുവാൻ ഗവൺമെന്റ് അടിയന്തിരമായി തയ്യാറാകുമോ?

ഉത്തരം

(എ) ജില്ലാ പോലീസ് സൂപ്രണ്ട്/കമ്മീഷണർമാരാണ് പാസ്പോർട്ട് വെരിഫിക്കേഷൻ നടത്തുന്നതിനുവേണ്ടി ഡിസ്ട്രിക്ട് സ്പെഷ്യൽ ബ്രാഞ്ചിലേക്കു പോലീസുകാരെ നിശ്ചയിക്കുന്നത്.

(ബി) വിശ്വസ്തരും സത്യസന്ധരും ആത്മാർത്ഥതയുള്ളവരും 3 വർഷത്തിൽ കുറയാത്തതും എന്നാൽ 20 വർഷം കഴിയാത്തതുമായ സർവീസുള്ള ഹെഡ് കോൺസ്റ്റബിൾമാരെയാണ് നിയമിക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

(ജി) വെരിഫിക്കേഷൻ സമയത്ത് അപേക്ഷകൻ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എല്ലാം ശരിയാണ് എന്ന് സ്ഥാപിക്കുന്നതിന് മേൽവിലാസം, പ്രായം, വിദ്യാഭ്യാസയോഗ്യത എന്നിവയുടെ അസ്സൽ രേഖകൾ അന്വേഷണ ഉദ്യോഗസ്ഥന്റെ മുൻപാകെ കാണിക്കണം. മേൽവിലാസം തെളിയിക്കുന്നതിന് പകരമായി തഹസീൽദാർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റിനു പകരം ജനന തീയതി തെളിയിക്കുന്നതിന് എസ്. എസ്. എൽ. സി. ബുക്കിന്റെ പ്രസ്തുത പേജ് അല്ലെങ്കിൽ സ്കൂൾ പ്രവേശന രജിസ്റ്ററിന്റെ അറ്റസ്റ്റ് ചെയ്ത പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. ഈ വിവരങ്ങൾ ഡിസ്ട്രിക്ട് പാസ്പോർട്ട് സെൽ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ള പോലീസുദ്യോഗസ്ഥന്മാർ

56 [3436] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ ജില്ലാ ഭരണത്തലവൻമാരായി നിയമിക്കണമെന്ന് ഗവൺമെന്റ് ഉത്തരവുകളും സർക്കുലറുകളും നിലവിലുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ പോലീസ് വകുപ്പിൽ ഇത്തരം എത്ര ഉദ്യോഗസ്ഥന്മാരെ ജില്ലാ തലവന്മാരായി നിയമിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഇല്ല

(ബി) നിയമിച്ചിട്ടില്ല.

ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന്റെ ശോചനീയാവസ്ഥ

57 [3439] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly